# വ്യക്തിസഭകളുടെ തനിമ : ദൈവശാസ്ത്ര - സഭാചരിത്ര അടിസ്ഥാനങ്ങൾ

ഫാ. സിൽവെസ്റ്റർ കാഞ്ഞിരമുകളിൽ, O. I. C.

www.malankaralibrary.com

# വ്യക്തിസഭകളുടെ തനിമ : ദൈവശാസ്ത്ര-സഭാചരിത്ര അടിസ്ഥാനങ്ങൾ

ഫാ. സിൽവെസ്ററർ കാഞ്ഞിരമുകളിൽ, O. I. C.

ആമുഖം

1930 സെപ്ററംബർ 20-ാം തീയതി കേരളസഭാചരിത്രത്തിലെ സുപ്രധാനമായ ഒരു ദിനമാണ്. ഭാഗ്യസ്മരണാർഹരായ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെയും മാർ തെയോഫിലോസ് മെത്രാൻെറയും നേതൃത്വത്തിൽ ഒരു വിഭാഗം മലങ്കര ഓർത്തഡോക്സുകാർ സാർവ്വത്രിക സഭയുടെ കൂട്ടായ്മയിലേക്കു പുനഃപ്രവേശനം ചെയ്തത് അന്നാണ്. ചരിത്രപ്രസിദ്ധമായ കൂനൻകുരിശുസത്യത്തെ തുടർന്ന് രൂപംകൊണ്ട പുത്തൻകൂർ സമുദായം നീണ്ട മുന്നൂറു വർഷങ്ങളായി നടത്തിയ ഐക്യശ്രമങ്ങളുടെ സാക്ഷാത്ക്കാരമായിരുന്നു അത്. അതോടുകൂടി മലങ്കര കത്തോലിക്കാസഭ എന്ന വ്യക്തി സഭകൂടി സാർവ്വത്രിക സഭയിൽ രൂപംകൊണ്ടു. ഈ മഹാസംഭവത്തിൻെറ സപ്തതി ആഘോഷിക്കുന്ന ഈ സന്ദർഭത്തിൽ ഒരു വ്യക്തിസഭയെന്ന നിലയിൽ സാർവ്വത്രിക സഭയിൽ മലങ്കര കത്തോലിക്കാ സഭയ്ക്കുള്ള പ്രത്യേക സ്ഥാനവും അതിൻെറ അപ്പസ്തോലിക ദൗത്യവും യഥാവിധി മനസിലാക്കുന്നതിനു പര്യാപ്തമായ ദൈവശാസ്ത്ര_സഭാചരിത്ര അടിസ്ഥാനങ്ങൾ കണ്ടെത്തുകയെന്ന ലക്ഷ്യമാണ് ഈ പഠനത്തിനുള്ളത്.

www.malankaralibrary.com

## A. ദൈവശാസ്ത്രാടിസ്ഥാനങ്ങൾ

ക്രിസ്തുവിൽനിന്ന് ദൗത്യം ഉൾക്കൊണ്ട അപ്പസ്തോലൻമാർ (മത്തായി 28:18–20) പെന്തിക്കൊസ്തിക്കു ശേഷം ലോകത്തിന്റെ നാനാഭാഗങ്ങളിലേക്ക് ഈ ദൗത്യനിർവ്വഹണത്തിനായി പോയി. അവർ ഈ സ്ഥലങ്ങളിലെല്ലാം സുവിശേഷം പ്രസംഗിക്കുകയും തങ്ങൾക്കു ലഭിച്ച ക്രിസ്താനുഭവം അവരുമായി പങ്കുവയ്ക്കുകയും ചെയ്തു. അപ്പസ്തോലൻമാർ എല്ലാം ഒരേ വിശ്വാസസത്യമാണ് തങ്ങൾ പോയ സ്ഥലങ്ങളിൽ പ്രസംഗിക്കുകയും പഠിപ്പിക്കുകയും ചെയ്തത്. എന്നാൽ ആ പ്രദേശങ്ങളിലെ സംസ്ക്കാരം, ഭാഷ, രാഷ്ട്രീയ_മത പശ്ചാത്തലം എന്നിവയുമായെല്ലാം ബന്ധപ്പെട്ട് വിവിധ സഭകൾ ആദിമ നൂററാണ്ടുകളിൽ തന്നെ രൂപം കൊണ്ടു. അങ്ങനെ വിശ്വാസത്തിൽ ഏകത്വവും ആചാരക്രമങ്ങളിലും ആരാധനാ രീതികളിലും വൈവിധ്യവും പുലർത്തുന്ന വിവിധ പ്രാദേശിക സഭാസമൂഹങ്ങൾ ക്രൈസ്തവസഭയിൽ ജന്മം കൊണ്ടു. ഇപ്രകാരം വ്യതിരിക്ത സവിശേഷതകളോടെ ചരിത്രത്തിൽ രൂപം കൊണ്ട് വ്യക്തമായ രൂപവും ഭാവവും സ്വീകരിച്ച് വളർന്നു വികസിച്ച സഭാസമൂഹങ്ങൾ വ്യക്തിസഭകൾ (Individual Churches) എന്നാണ് ഇന്ന് പൊതുവേ അറിയപ്പെടുക.

### 1. വൈവിധ്യത്തിലെ ഐക്യം സഭയിൽ

ഓരോ വ്യക്തിസഭയിലും നിലവിലിരിക്കുന്ന വിശ്വാസസത്യങ്ങളുടെ ഐകരൂപ്യവും അവ പ്രകാശിപ്പിക്കുന്ന വിവിധ ആരാധനക്രമങ്ങളുടേയും ആദ്ധ്യാത്മികതയുടേയും ദൈവശാസ്ത്ര രീതികളുടേയും വ്യതിരിക്തതയും സഭയുടെ വൈവിധ്യത്തിലെ ഏകത്വമാണ് ആവിഷ്ക്കരിക്കുക. സഭയിലെ വൈവിധ്യത്തിലെ ഏകത്വമെന്ന യാഥാർ

www.malankaralibrary.com

ത്ഥ്യത്തിന് ദൈവശാസ്ത്രപരമായ അടിസ്ഥാനം ത്രി ത്വൈക സംസർഗ്ഗരഹസ്യത്തിലും വേദപുസ്തകത്തിലും വത്തിക്കാൻ കൗൺസിലിൻെറ പഠനങ്ങളിലും കാണാനാകും.

## a. വൈവിധ്യത്തിലെ കൂട്ടായ്മ പരി. ത്രിത്വത്തിൽ

സഭയിൽ പുലരുന്ന ഏകത്വ-ബഹുത്വ തത്വങ്ങൾക്ക് ഏററവും ഉചിതമായ മാതൃകയും അടിസ്ഥാനവും ദൈവത്തിൽ തന്നെയുള്ള ത്രിത്വൈക സംസർഗ്ഗമാണ്. കാരണം, ദൈവംതന്നെ ഒരു നിഗൂഢതയാണ്.; മൂന്നാളുകൾ ഒന്നായിരിക്കുന്ന നിഗൂഢത. ഈ മൂന്ന് ആളുകൾക്കും അവിഭാജ്യമായ ഏക ദൈവത്വമാണുള്ളത്. എന്നാൽ ഓരോരുത്തർക്കും തനതായ വ്യക്തിത്വവുമുണ്ട്. ആളത്വത്തിൽ വ്യത്യാസമുണ്ടെങ്കിലും സമ്പൂർണ്ണമായ കൂട്ടായ്മ ത്രിത്വത്തിലെ വ്യക്തികൾ തമ്മിൽ നിലനിൽക്കുന്നു. അതുകൊണ്ടാണ് ''വൈവിധ്യത്തിലെ പ്രഥമ ഐക്യം'' എന്ന് ഐക്യത്തിൻെറ മഹാരഹസ്യമായ ത്രിത്വത്തെ വിളിക്കുന്നത്. അങ്ങനെ ഏക ദൈവമായി നിലനില്ക്കുകയും അതേസമയം മൂന്ന് ആളത്വം ഉൾക്കൊള്ളുകയും ചെയ്യുന്ന ഈ ത്രിത്വൈക രഹസ്യം, ഏകമായിരിക്കുകയും അതേ സമയം വിവിധ വ്യക്തിസഭകളുടെ സമൂഹമായിരിക്കുകയും ചെയ്യുന്ന സഭാ രഹസ്യത്തിൻെറ ഉദാത്തമായ മാതൃകയാണ്.

## b. ഐക്യവും വൈവിധ്യവും : പുതിയ നിയമത്തിൽ

അപ്പസ്തോലികോത്ഭവം സിദ്ധിച്ച് വ്യത്യസ്ത സവിശേഷതകളോടുകൂടി വളർന്നുവന്ന വിവിധ സഭാസമൂഹങ്ങൾ സഭയുടെ ആദ്യകാലത്തുതന്നെ രൂപം കൊണ്ടിരുന്നതായി പുതിയ നിയമഗ്രന്ഥങ്ങൾ വ്യക്തമാക്കുന്നു.

www.malankaralibrary.com

ഇപ്രകാരമുള്ള ക്രൈസ്തവ സമൂഹങ്ങൾ ജറുസലേം, അന്ത്യോക്യാ, കേസറിയ, എഫേസൂസ് എന്നിവിടങ്ങളിൽ ഉണ്ടായിരുന്നതായി അപ്പസ്തോല നടപടികളിൽ പ്രസ്താവിക്കുന്നു. അനേകം പ്രാദേശിക സഭാസമൂഹങ്ങളെപ്പററി പൗലോസ് ശ്ലീഹായും പറയുന്നുണ്ട്. ഉദാഹരണമായി ഏഷ്യയിലുള്ള സഭകൾ, ഗലാത്യായിലുള്ള സഭകൾ, യൂദായായിലുള്ള സഭകൾ മുതലായവ.

പുതിയ നിയമപ്രകാരം ഏകമായിരിക്കുന്ന സഭ, വ്യക്തിസഭകളുടെ കൂട്ടായ്മയാണ്. ഈ കൂട്ടായ്മ ഐകരൂപ്യം ആവശ്യപ്പെടുന്നില്ല. പുതിയ നിയമ സഭയിൽ വൈവിധ്യത്തിന്റെ പല ഘടകങ്ങളും നാം കാണുന്നു. വിവിധങ്ങളായ സഭാഘടനകളെപ്പററി പുതിയ നിയമം സൂചിപ്പിക്കുന്നുണ്ടല്ലോ. ജറുസലേം സഭയ്ക്ക് ഒരു സംഘാത ഘടനയായിരുന്നു ഉണ്ടായിരുന്നത് (നട. 2:42-45; 4:34-35). അന്ത്യോക്യായിൽ പ്രവാചകൻമാരും പ്രബോധകൻമാരും ചേർന്നുള്ള ഒരു നേതൃത്വമാണുണ്ടായിരുന്നത് (നട. 13:1-2). എഫേസൂസ് സഭയെ ഭരിച്ചിരുന്നത് ശ്രേഷ്ഠൻമാർ ആയിരുന്നു (നട. 20:17).

സഭയിൽ പുലരുന്ന വൈവിധ്യത്തിനും, സഭയെന്ന യാഥാർത്ഥ്യം വിവിധ സഭകളിലൂടെ ആവിഷ്കൃതമാകുന്നു എന്നതിനും വ്യത്യസ്ത രീതിയിൽ രൂപംകൊണ്ട സുവിശേഷങ്ങൾ മറെറാരു ഉദാഹരണമാണ്. സുവിശേഷങ്ങൾ നാലും സാരാംശത്തിൽ ഒന്നുതന്നെയാണ്. ഒരേ ക്രിസ്താനുഭവമാണ് അവർ നാലുപേരും രേഖപ്പെടുത്തിയിട്ടുള്ളത്. എങ്കിലും അവതരണം, ഭാഷ, ശൈലി, പ്രതിപാദനം എന്നിവയിൽ സുവിശേഷങ്ങൾ വ്യത്യസ്തങ്ങളാണ്. സുവിശേഷകൻമാർ പ്രതിനിധാനം ചെയ്യുന്ന സഭകളുടെ വ്യക്തിത്വമത്രേ ഈ വ്യത്യസ്തതയ്ക്ക് മുഖ്യകാരണം. ഇപ്രകാരമുള്ള വൈവിധ്യമാണ് വ്യക്തിസഭകൾ തമ്മിലുള്ളത്. ചുരുക്ക

www.malankaralibrary.com

ത്തിൽ ഒരോ സഭയ്ക്കും തനതായ പ്രത്യേക ജീവിതരീതി, ആരാധനക്രമം, ആദ്ധ്യാത്മികത, ശിക്ഷണം, ഭരണക്രമം എന്നിവ ഉൾക്കൊള്ളുന്ന സ്വന്തമായൊരു ജീവിതശൈലി ഉണ്ടായിരിക്കണമെന്ന വസ്തുതയിലേക്കാണ് സഭയെപ്പററി ബൈബിളിലുള്ള വൈവിധ്യം സൂചിപ്പിക്കുക.

### c. രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ പഠനങ്ങൾ

സാർവ്വത്രികസഭ, വിവിധ വ്യക്തിസഭകളുടെ കൂട്ടായ്മയാണെന്ന് രണ്ടാം വത്തിക്കാൻ കൗൺസിൽ ഊന്നിപ്പറയുന്നു (*തിരുസഭ*, നമ്പർ 13, 23; *പൗരസ്ത്യസഭകൾ* നമ്പർ 2). സഭയുടെ ഈ അടിസ്ഥാന സ്വഭാവത്തിലേക്ക് വെളിച്ചം വീശിയത് കൗൺസിലിന്റെ വലിയൊരു നേട്ടമായി പരിഗണിക്കപ്പെടുന്നു. അതിനു പ്രധാന കാരണം കഴിഞ്ഞ കുറെ നൂററാണ്ടുകളായി വ്യക്തിസഭകളെ സാർവ്വത്രിക സഭയുടെ ഭരണയൂണിററുകളായി മാത്രം കരുതിയിരുന്നതത്രേ. എന്നാൽ കാതോലികകൂട്ടയ്മയിൽ ഓരോ വ്യക്തിസഭയുടെയും സ്ഥാനവും മഹിമയും പുനഃനിർണ്ണയം ചെയ്യുവാൻ കൗൺസിലിനു കഴിഞ്ഞു.

സഭ, സഭകളുടെ കൂട്ടായ്മയാണെന്ന സഭാശാസ്ത്രതത്വം രണ്ടു കാര്യങ്ങൾ ഉൾക്കൊള്ളുന്നു— ഐക്യവും വൈവിധ്യവും. വിശ്വാസം, കൂദാശകൾ, ഹയരാർക്കി എന്നിവയിൽ എല്ലാ വ്യക്തിസഭകളും ഐക്യപ്പെട്ടിരിക്കുന്നു. പക്ഷേ, അവയുടെ പ്രകാശനത്തിന് വൈവിധ്യവും സ്വാതന്ത്ര്യവുമുണ്ട്. വിശ്വാസത്തിൽ ഐക്യം വേണമെന്നു പറയുമ്പോൾ, ഏതെങ്കിലുമൊരു പ്രത്യേക ദൈവശാസ്ത്ര ചിന്താരീതിയേ ആകാവുയെന്ന് അർത്ഥമാക്കുന്നില്ല. അതുപോലെ, കൂദാശകളിൽ ഐക്യം ആവശ്യപ്പെടുമ്പോൾ, എല്ലാ സഭകളിലും അവ ഒരേ രീതിയിൽ അനുഷ്ഠിക്കണ

www.malankaralibrary.com

മെന്നുമില്ല. മാർപ്പാപ്പയുടെ പൊതു സഭാനേതൃത്വം അംഗീകരിക്കണമെന്നു പറയുമ്പോഴം ഓരോ സഭയുടേയും സ്വന്തമായ ഭരണരീതി നഷ്ടപ്പെടുത്തണമെന്ന് ഉദ്ദേശി ക്കുന്നില്ല. ചുരുക്കത്തിൽ വൈവിധ്യം സഭയുടെ ഐക്യ ത്തെ തകർക്കുകയല്ല, പ്രത്യക്ഷമാക്കുകയാണ് ചെയ്യു ന്നത് (പൗരസ്ത്യസഭകഠം, നമ്പർ 2).

തിരുസഭയിലെ ഐക്യം, ബാഹ്യമായ ഐകരൂപ്യം ആവശ്യപ്പെടുന്നില്ല (ലിററർജി നമ്പർ 37). റീത്തുകളിലെ വൈവിധ്യം ഈ കാഴ്ചപ്പാടിലൂടെയാണ് കൗൺസിൽ വീക്ഷിക്കുന്നത്. ക്രിസ്തുവിൻെറ മൗതികശരീരമായ സഭയുടെ സജീവ പ്രാതിനിധ്യങ്ങളാണ് വിവിധ വ്യക്തി സഭകഠം. ഈ സഭകളിൽ വിവിധ ആരാധനക്രമങ്ങളിലൂ ടെയും, വിവിധ രീതിയിലുള്ള ആദ്ധ്യാത്മിക വീക്ഷണ ങ്ങളിലൂടെയും, വ്യത്യസ്ത വ്യാഖ്യാനങ്ങളിലൂടെ രൂപ പ്പെട്ട ദൈവശാസ്ത്രങ്ങളിലൂടെയും വ്യത്യസ്ത ശിക്ഷണ ശ്രമങ്ങളിലൂടെയും (ഭരണരീതി) വിശ്വാസസത്യങ്ങഠം പ്രകാശിതമാകുന്നു (എക്യുമേനിസം, നമ്പർ 4, ഖണ്ഡിക 7). ഇപ്രകാരം വൈവിധ്യാധിഷ്ഠിതമായ സവിശേഷത കളും പാരമ്പര്യങ്ങളുമുഠംക്കൊള്ളുന്ന ഈ സഭകഠം സാർവ്വ ത്രികസഭയെ സമ്പന്നമാക്കുന്നു.

## 2. വ്യക്തിസഭകളുടെ വ്യക്തിത്വ സംരക്ഷണം

അപ്പസ്തോലിക പാരമ്പര്യം ഓരോ വ്യക്തിസഭ യിലൂടെ തുടരുന്നതുകൊണ്ട് ഓരോ സഭാസമൂഹവും തങ്ങളുടേതായ പാരമ്പര്യങ്ങഠം വളർത്തി വികസിപ്പിക്കണ മെന്ന് സഭ അഭിലഷിക്കുന്നു. അവരവരുടേതായ മൗലിക പാരമ്പര്യങ്ങഠം പുലർത്തുവാൻ ജാഗ്രത പ്രദർശിപ്പി

www.malankaralibrary.com

ക്കണം. ഈ വ്യക്തിത്വസംരക്ഷണത്തിന് വത്തിക്കാൻ കൗൺസിലും മാർപ്പാപ്പാമാരും നൽകുന്ന ആഹ്വാനം ഈ ഭാഗത്ത് പരിശോധനാ വിഷയമാക്കുന്നു.

## a) രണ്ടാം വത്തിക്കാൻ കൗൺസിലിൻെറ നിർദ്ദേശങ്ങൾ

സാർവ്വത്രിക കൂട്ടായ്മയിൽ നിൽക്കുന്ന സഹസഭകൾ എന്ന നിലയിൽ ഓരോ വ്യക്തിസഭയും തങ്ങളുടെ പൗരാണിക പാരമ്പര്യങ്ങൾ അന്യൂനം സംരക്ഷിക്കുവാനും വളർത്തുവാനും രണ്ടാം വത്തിക്കാൻ കൗൺസിൽ വ്യക്തമായ നിർദ്ദേശം നൽകുന്നു. പൗരസ്ത്യസഭകളുടെ കാര്യത്തിലാണ് കൗൺസിൽ ഇക്കാര്യത്തിൽ പ്രത്യേകം താൽപര്യം പ്രദർശിപ്പിക്കുകയും മാർഗ്ഗനിർദ്ദേശം നൽകുകയും ചെയ്തിട്ടുള്ളത്. അതിനു പ്രത്യേകമായ കാരണങ്ങളുമുണ്ട്. കഴിഞ്ഞ കാലഘട്ടങ്ങളിൽ പല പൗരസ്ത്യസഭകളും തങ്ങളുടെ സമ്പന്നമായ വ്യക്തിത്വം കളഞ്ഞു കുളിക്കുവാൻ ഇടവന്നിട്ടുണ്ട്. അവ പുനരുദ്ധരിക്കേണ്ടത് ആവശ്യമത്രേ.

സഭ, വ്യക്തിസഭകളുടെ സമൂഹമാകയാൽ ഈ പ്രാദേശിക സഭകളിലൂടെയാണ് വിശ്വാസവും പ്രബോധനവും ജീവിതനിയമങ്ങളും ആരാധനക്രമവും പാലിക്കുന്നത്. ദൈവം ആവിഷ്ക്കരിച്ചിട്ടുള്ള രക്ഷയുടെ സന്ദേശം വിശുദ്ധ ലിഖിതങ്ങളിലുണ്ടെങ്കിലും അത് സഭാപാരമ്പര്യങ്ങളിലൂടെ ജീവിത നിയമമാക്കി ക്രൈസ്തവർ കാത്തുസൂക്ഷിക്കുന്നു. ആദിമ ക്രിസ്ത്യാനികളും അപ്പസ്തോലന്മാരുമായി നമ്മേ കൂട്ടിയിണക്കുന്ന കനകശൃംഖലയാണ് വിശുദ്ധ പാരമ്പര്യം. ഇപ്രകാരം പൗരസ്ത്യസഭകളിൽ നിലനിൽക്കുന്ന സമ്പന്നമായ പാരമ്പര്യങ്ങളെ കൗൺസിൽ പ്രശംസിക്കുകയും (*പൗരസ്ത്യസഭ*

www.malankaralibrary.com

കൾ, നമ്പർ 1, 5), അവ അന്യൂനം കാത്തുപരിപാലി ക്കുവാൻ വ്യക്തവും ശക്തവുമായ ഭാഷയിൽ ഉദ്ബോ ധിപ്പിക്കുകയും ചെയ്യുന്നു (*പൗരസ്ത്യസഭകൾ*, നമ്പർ 1, 2, 4, 6, ഖണ്ഡിക, 2. *എക്യുമേനിസം*, നമ്പർ 15).

കൗൺസിൽ നിർദ്ദേശിക്കുന്ന രീതിയിൽ സ്വന്തം സഭയുടെ വ്യക്തിത്വം അന്യൂനം സംരക്ഷിച്ചുകൊണ്ട് മററുസഭകളെ അംഗീകരിക്കുകയും ബഹുമാനിക്കുകയും ചെയ്യുകയാണ് ഏററവും ആരോഗ്യപരമായ മനോഭാവം. സ്വന്തം സ്വഭാവ്യക്തിത്വം സംരക്ഷിക്കുവാൻ ശ്രമിക്കു ന്നത് സഭയുടെ സാർവ്വത്രിക ചൈതന്യത്തിന് വിരുദ്ധ മാണെന്ന് വാദിക്കുന്നത് ശരിയല്ല, യഥാർത്ഥത്തിൽ അതു കൂടുതൽ പ്രത്യക്ഷമാക്കുന്നുവെന്നതാണു സത്യം.

## b) പൗരസ്ത്യസഭകളും മാർപ്പാപ്പാമാരും

പൗരസ്ത്യസഭകൾ തങ്ങളുടെ സമ്പന്നമായ പാരമ്പ ര്യങ്ങൾ അന്യൂനം സംരക്ഷിച്ചുകൊണ്ട് വളരണമെന്ന് കാലാകാലങ്ങളിൽ മാർപ്പാപ്പാമാർ ഉദ്ബോധിപ്പിച്ചിട്ടുണ്ട്. പൗരസ്ത്യസഭകളുടെ നൈയാമികതയേയും പ്രാമാണികത യേയും അവർ അംഗീകരിക്കുകയും പൗരസ്ത്യസഭകളുടെ പൈതൃകങ്ങൾ ബഹുമാനപുരസരം വീക്ഷിക്കുന്നതിന് മററുള്ളവരോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ഇപ്ര കാരം പലവിധത്തിൽ പൗരസ്ത്യസഭകളുടെ വ്യക്തിസം രക്ഷണത്തിന് ഉതകുന്ന മാർഗ്ഗങ്ങൾ മാർപ്പാപ്പാമാർ വാക്കുകളിലും പ്രവൃത്തികളിലും കൂടി വ്യക്തമാക്കി യിട്ടുണ്ട്.

1615_ൽ അഞ്ചാം പൗലോസ് മാർപ്പാപ്പാ റൂത്തേനി യൻകാരോട് തങ്ങളുടെ റീത്ത് അഭംഗം നിലനിർത്തിക്കൊ ണ്ടുപോകുവാൻ ഉപദേശിച്ചതായി കാണുന്നു. പതിനാലാം

www.malankaralibrary.com

ബനഡിക്ട് മാർപ്പാപ്പ 1743 ഡിസംബർ 21-ാം തീയതി ബൈസൻറയിൻ റീത്തുകാർക്കായി എഴുതിയ ഒരു കത്തിൽ റീത്തുകളുടെ അനുഷ്ഠാനത്തിനു വിഘാതമായ പരിഷ്ക്കാരങ്ങളൊന്നും നടത്തരുതെന്ന് നിർദ്ദേശിച്ചു.

*1848-ൽ ഇൻ സുപ്രേമ പേത്രി അപ്പസ്തോലിച്ചി* (In Suprema Petri Apostolici) എന്ന ചാക്രിക ലേഖനത്തിലൂടെ ഒൻപതാം പീയൂസ് മാർപ്പാപ്പ, സാർവ്വത്രികസഭയ്ക്ക് പൗരസ്ത്യ റീത്തുകളുടെയും ആരാധനക്രമങ്ങളുടെയും നേർക്കുണ്ടായിരിക്കേണ്ട മനോഭാവത്തെ വ്യക്തമായി അംഗീകരിച്ചിട്ടുണ്ട്. 1862-ൽ *റോമാനി പൊന്തിഫിച്ചസ്* (Romani Pontifices) എന്ന തിരുവെഴുത്തിലൂടെ അദ്ദേഹം പ്രൊപ്പഗാന്താ തിരുസംഘത്തെ രണ്ടായി വിഭജിച്ച് പൗരസ്ത്യസഭകൾക്കായി ഒരു പ്രത്യേക വിഭാഗം രൂപീകരിച്ചു.

ലെയോ പതിമൂന്നാമൻ മാർപ്പാപ്പാ 1894 നവംബർ 30-ാം തീയതി പ്രസിദ്ധീകരിച്ച *ഓറിയന്താലിയും ഡിഗ്നിത്താസ്* (Orientalium Dignitas) എന്ന വിശ്വലേഖനത്തിലൂടെ പൗരസ്ത്യ റീത്തുകളുടെ സംരക്ഷണം പ്രധാനപ്പെട്ടതാണെന്ന് വ്യക്തമാക്കി. 1917 മെയ് 1-ാം തീയതി *ദേയി പ്രോവിദെന്തിസ്* (Dei providentis) എന്ന ചാക്രികലേഖനം വഴി പതിനഞ്ചാം ബനഡിക്ട് മാർപ്പാപ്പ റോമിൽ പൗരസ്ത്യതിരുസംഘം സ്ഥാപിച്ചു. 1917 ഒക്ടോബർ 1-ാം തീയതി *ഓറിയന്താലിസ് കത്തോലിച്ചി* (Orientalis Catholici) എന്ന തിരുവെഴുത്തുവഴി അദ്ദേഹം പൗരസ്ത്യ ദൈവശാസ്ത്ര പഠനത്തിനായി റോമിൽ ഓറിയൻറൽ ഇൻസ്റ്റിട്ട്യൂട്ട് സ്ഥാപിച്ചു.

പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പ 1944 ഏപ്രിൽ 9-ാം തീയതി എഴുതിയ *ഓറിയന്താലിസ് എക്ളേസിയേ*

www.malankaralibrary.com

ദേക്കൂസ് (Orientalis Ecclesiae Decus) എന്ന ചാക്രികലേഖനത്തിലൂടെ പൗരസ്ത്യരായ അകത്തോലിക്കരുടെ പുനരൈക്യത്തിന് പരസ്പര ബഹുമാനം, അനുകമ്പാപൂർവ്വമായ സംസാരം, മാതൃകാപരമായ ജീവിതം മുതലായവ ഉപാധികളായി എടുത്തുകാണിച്ചു. കൂടാതെ അദ്ദേഹം ഒറിയന്താലിസ് ഓമ്നെസ് എക്ളേസിയാസ് (Orientalis Omnes Ecclesias) എന്ന വിശ്വലേഖനം എഴുതുകയും പൗരസ്ത്യ കാനൻ നിയമസംഹിതയുടെ നാലുഭാഗങ്ങൾ അംഗീകരിക്കുകയും ചെയ്തു.

ആധുനിക കാലത്തെ മാർപ്പാപ്പാമാരും പൗരസ്ത്യ സഭകളുടെ മഹത്തായ പാരമ്പര്യങ്ങളെ ബഹുമാനിക്കുകയും, അവ കാത്തുസംരക്ഷിക്കുന്നതിന് വ്യക്തമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. ഇപ്പോഴത്തെ സാർവ്വത്രിക സഭാദ്ധ്യക്ഷനായ ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പായുടെ ഓറിയന്താലേ ലൂമൻ (Orientale Lumen) എന്ന ചാക്രികലേഖനത്തിലും അദ്ദേഹത്തിന്റെ "സഭ അവളുടെ പാശ്ചാത്യവും പൗരസ്ത്യവുമായ രണ്ടു ശ്വാസകോശങ്ങളിലൂടേയും ശ്വസിക്കുവാൻ പഠിക്കണ"മെന്ന ഉപദേശത്തിലും ഈ സന്ദേശം അടങ്ങിയിരിക്കുന്നു.

സാർവ്വത്രികസഭയിൽ, പൗരസ്ത്യസഭകൾക്കുള്ള സ്ഥാനം അവർ മനസിലാക്കുവാനും തങ്ങളുടേതായ സഭാ ചൈതന്യകങ്ങൾ അന്യൂനം സംരക്ഷിച്ച് ജീവാത്മകമായി വളരുവാനും സാർവ്വത്രിക സഭാദ്ധ്യക്ഷന്മാരുടെ ഈ മനോഭാവങ്ങളും പഠനങ്ങളും മാർഗ്ഗദർശനം നൽകുന്നു.

## B. സഭാചരിത്ര അടിസ്ഥാനങ്ങൾ

വ്യക്തിസഭകളുടെ തനിമയും അവ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയെയും സംബന്ധിച്ച വിശകലന

www.malankaralibrary.com

ത്തിനുശേഷം, മലങ്കരസഭയുടെ വ്യക്തിത്വവും സഭാപൈതൃകങ്ങളും സംരക്ഷിക്കുന്നതിനു നടത്തിയിട്ടുള്ള ഉദ്യമങ്ങളെ സംബന്ധിച്ച സഭാചരിത്രപരമായ ഒരു അന്വേഷണത്തിനാണ് ഇനിയും മുതിരുക. കാരണം, ഒരോ സഭയുടെയും പൂർവ്വകാല ചരിത്രത്തിൽ നിന്ന് വളരെയേറെ പാഠങ്ങൾ ഉൾക്കൊള്ളുവാൻ നമുക്കു കഴിയുമല്ലോ.

## സ്വതന്ത്രമായ വ്യക്തിത്വ വളർച്ച ആദ്യ നൂററാണ്ടുകളിൽ

### a അപ്പസ്തോലികോത്ഭവം

ക്രിസ്ത്വാനുഭവം സ്വായത്തമാക്കിയ അപ്പസ്തോലന്മാരാൽ സ്ഥാപിതമായ സഭകൾ തല്ക്കാരണത്താൽ തന്നെ പ്രാധാന്യമർഹിക്കുന്നു. ക്രിസ്തു ശിഷ്യന്മാരിൽ ഒരുവനായ മാർത്തോമ്മാ ശ്ലീഹായാൽ ഭാരത സഭ സ്ഥാപിക്കപ്പെട്ടതും ബലവത്തായ അപ്പസ്തോലികാടിസ്ഥാനത്തിൽ ഈ സഭ ഉറപ്പിക്കപ്പെട്ടതും അഭിമാനകരമാണ്. ഈ അർത്ഥത്തിൽ മലങ്കരസഭ തനിമയും സ്വയംഭരണ സ്വാതന്ത്ര്യവുമുള്ള, വ്യക്തിത്വമുള്ള ഒരു അപ്പസ്തോലിക സഭയത്രേ. ഈ അപ്പസ്തോലികോത്ഭവവും വ്യക്തിത്വവും പ്രാചീന ഭാരത സഭയെ മററു ക്രൈസ്തവ കേന്ദ്രങ്ങൾക്കൊപ്പം മഹനീയമായൊരു നിലയിലേക്കുയർത്തുന്നു.

### b തനതായൊരു സഭാജീവിതശൈലി

അപ്പസ്തോലികോത്ഭവം സിദ്ധിച്ച ഭാരതത്തിലെ സഭ അതിന്റെ ചരിത്രത്തിലെ ആദ്യ പതിനഞ്ചു നൂററാണ്ടുകൾ സ്വയം ഭരണത്തിൽ അധിഷ്ഠിതമായ സ്വന്തമായൊരു സഭാവ്യക്തിത്വം സാർവ്വത്രിക സഭയിൽ വളർത്തിയെടുത്തു. ഈ വ്യക്തിത്വ വളർച്ചയിൽ രണ്ടു ഘടകങ്ങൾ നിർണ്ണായക പങ്കുവഹിച്ചിട്ടുണ്ട്. ഭൗതിക തലത്തിൽ

www.malankaralibrary.com

ഭാരതത്തിലെ ജീവിതരീതിയും സാംസ്ക്കാരിക പശ്ചാത്തലവും; സഭാ ജീവിതത്തിൽ കൽദായസഭാ പൈതൃകങ്ങളുടെ സ്വാധീനവും. അങ്ങനെ ക്രൈസ്തവമതം ആത്യന്തികമായി ദേശീയ സാമൂഹ്യ ജീവിത രീതികളുടെയും പൗരസ്ത്യ സുറിയാനിസഭാ സമ്പ്രദായങ്ങളുടെയും സമഞ്ജസമായ സമ്മേളനാനന്തരമാണ് ഭാരത മണ്ണിൽ ആഴത്തിൽ വേരൂന്നുവാൻ തുടങ്ങിയത്. അങ്ങനെ തനതായൊരു സഭാ ജീവിത ശൈലി അവർ വളർത്തിയെടുത്തു. ഇപ്രകാരം സ്വന്തമാക്കിയിരുന്ന മാർത്തോമ്മാ ക്രിസ്ത്യാനികളുടെ സഭാ വ്യക്തിത്വത്തിൻെറ വിവിധ തലങ്ങൾ ഹ്രസ്വമായി തുടർന്നു പ്രതിപാദിക്കുന്നു.

(i) *ഭരണസംവിധാനം*

സഭാഭരണസംവിധാനത്തിൽ കേരളസഭ തങ്ങളുടെ തായ വ്യക്തിത്വവും ഉരംഭരണസ്വാതന്ത്ര്യവും ആദ്യകാലങ്ങളിൽ പുലർത്തിയിരുന്നു. കൽദായ സഭയിൽനിന്നും നിയുക്തരായിരുന്ന വൈദികാധികാരികൾ ''അഖിലേന്ത്യായുടെയും മെത്രാപ്പോലീത്താ'' എന്നു വിളിക്കപ്പെട്ടിരുന്നു. മൂറോൻ കൂദാശചെയ്യുക, പട്ടംകൊടുക്കുക, കൂദാശാനുഷ്ഠാനങ്ങൾ മുതലായവ ആഘോഷമായി നടത്തുക, ആദ്ധ്യാത്മിക ചൈതന്യം വളർത്തുക എന്നിവയായിരുന്നു ഈ മെത്രാൻമാരുടെ കടമകൾ. മററുകാര്യങ്ങളിലുള്ള സഭാഭരണം 'ജാതിക്ക് കർത്തവ്യനും' അഖിലേന്ത്യായുടെയും ആർച്ചുഡീക്കനുമായ വൈദികശ്രേഷ്ഠൻ (അർക്കദിയാക്കോൻ) നിർവ്വഹിച്ചിരുന്നു.

പള്ളിഭരണം നടത്തിയിരുന്നത് പള്ളിയോഗമാണ്. ഈ പള്ളിയോഗം പള്ളിയുടെ ഭൗതികസ്വത്തുക്കളുടെ മാത്രമല്ല, ഇടവകയിലെ ക്രിസ്തീയ ജീവിതം മുഴുവൻെറയും മേലന്വേഷണം വഹിച്ചിരുന്നു പരസ്യപാപം സാംബന്

ധിച്ച കേസുകൾ തീരുമാനിക്കുക, വൈദികാർത്ഥിക്ക് ദേശകുറി കൊടുക്കുക മുതലായവ പള്ളിയോഗമാണ് കൈകാര്യം ചെയ്തിരുന്നത്. സഭയേയും സമൂഹത്തേയും ബാധിക്കുന്ന കാര്യങ്ങൾ എല്ലാ ഇടവകകളുടെയും പ്രതിനിധികൾ ചേർന്നുള്ള പൊതുയോഗം കൈകാര്യം ചെയ്തിരുന്നു. അങ്ങനെ കേരളസഭ ഒരു 'ക്രിസ്ത്യൻ റിപ്പബ്ളിക്കി'ന്റെ ഛായയാണ് കൈക്കൊണ്ടിരുന്നത്.

(ii) *കൂദാശാനുഷ്ഠാനങ്ങൾ*

കൂദാശാനുഷ്ഠാനങ്ങളിലും മററു വിശുദ്ധീകരണ കർമ്മങ്ങളിലും അനുരൂപണത്തിന്റെ വിവിധ രീതികൾ നമുക്കു കാണുവാൻ കഴിയും.

ദേവാലയത്തിലേക്കു പോകുന്നതിനു മുമ്പ് ഹൈന്ദവർ ചെയ്യുന്നതുപോലെ കുളിച്ച് വെടിപ്പായ വസ്ത്രങ്ങൾ ധരിച്ചിരുന്നു. ദേവാലയ വാതുക്കൽ വച്ച് കാൽകഴുകി വെടിപ്പാക്കിയശേഷമേ അകത്തു പ്രവേശിച്ചിരുന്നുള്ളൂ. അകത്തു പ്രവേശിച്ചാലുടൻ കുമ്പിട്ട് നിലം ചുംബിച്ചിരുന്നു. യാമപ്രാർത്ഥനകളിൽ വൈദികരോടുകൂടി അല്മായരും ചേരുക പതിവുള്ള ഒരു രീതിയായിരുന്നു.

മാമോദീസായും സ്ഥൈര്യലേപനവും ഒന്നിച്ചു നൽകുന്ന പാരമ്പര്യം മാർത്തോമ്മാ ക്രിസ്ത്യാനികൾ പുലർത്തുകയും വേദപുസ്തക നാമങ്ങൾ കുഞ്ഞുങ്ങൾക്ക് നൽകുന്നതിൽ ശ്രദ്ധിക്കുകയും ചെയ്തിരുന്നു. വി. കുർബാനയോട് അവർ അത്യധികമായ ബഹുമാനാദരവുകൾ പുലർത്തുകയും പുതുതായി ചുട്ടെടുത്ത പുളിച്ച അപ്പം കാഴ്ചവയ്പിനു മുമ്പ് താമരയിലയിൽ കാർമ്മികന് സമർപ്പിക്കുകയും ചെയ്തിരുന്നു. ഹൈന്ദവ വിവാഹ രീതി അനുകരിച്ച് വരൻ വധുവിന്റെ കഴുത്തിൽ താലി (മിന്ന്) കെട്ടുന്ന സമ്പ്രദായം മാർത്തോമ്മാ ക്രിസ്ത്യാ

www.malankaralibrary.com

നികളുടെ സവിശേഷമായ ഒരു രീതിയാണ്. ശവസംസ്ക്കാര ശുശ്രൂഷ കൽദായ റീത്തിൽ നടത്തിയിരുന്നെങ്കിലും അതിനോടനുബന്ധിച്ച് വിവിധങ്ങളായ ആചാരാനുഷ്ഠാനരീതികൾ അവർ ദേശീയരീതിയിൽ നിർവ്വഹിച്ചിരുന്നു. 'മല്പാന്മാരുടെ' ശിക്ഷണത്തിൻകീഴിൽ ഗുരുകുല സമ്പ്രദായരീതിയിലായിരുന്നു വൈദിക പരിശീലനം. അതുപോലെതന്നെ, നോമ്പും ഉപവാസവും മററ് തപശ്ചര്യകളും മലങ്കര നസ്രാണികൾ കർശനമായി പാലിച്ചിരുന്നു.

ഇപ്രകാരം സ്വയം ഭരണത്തിലും, പൗരസ്ത്യസുറിയാനി ആരാധനക്രമത്തിലും ക്രൈസ്തവീകരിക്കപ്പെട്ട ഹൈന്ദവാചാരങ്ങളിലും മററും പ്രകടിതമായ കേരളസഭയുടെ വ്യക്തിത്വം 'തോമായുടെ പ്രമാണം', 'തോമായുടെ മാർഗ്ഗം', 'തോമായുടെ നിയമം' എന്നീ പേരുകളിൽ അറിയപ്പെട്ടിരുന്നു.

## 2 വ്യക്തിത്വസംരക്ഷണം കൂനൻകുരിശുസത്യത്തിലൂടെ

പതിനാറാം ശതകത്തിലെ പോർട്ടുഗീസ് മിഷനറിമാരുടെ ആഗമനം കേരള സഭാചരിത്രത്തിലെ ഒരു വഴിത്തിരിവായിരുന്നു. നൂററാണ്ടുകളിലൂടെ വളർത്തിയെടുത്ത കേരളസഭാ വ്യക്തിത്വം വിരൂപമാകുന്നതിനും സ്വയം ഭരണസംവിധാനത്തിനു പകരം പോർട്ടുഗീസ് 'പദ്രവാദോ' മേൽക്കോയ്മ സ്വീകരിക്കുന്നതിനും പോർട്ടുഗീസുകാർ സ്വീകരിച്ച നയം കാരണമായി. 1599-ലെ ഉദയംപേരൂർ സുനഹദോസു മുഖേന പൂർത്തിയാക്കപ്പെട്ട ലത്തീൻ സമ്പ്രദായ വത്ക്കരണത്തിനെതിരെ മാർത്തോമ്മാ ക്രിസ്ത്യാനികൾ 1653 ജനുവരിയിൽ മട്ടാഞ്ചേരിയിൽ സംഘടിച്ച് കൂനൻകുരിശുസത്യം നടത്തി.

www.malankaralibrary.com

കൂനൻകുരിശു സത്യത്തിനും അതേതുടർന്നുണ്ടായ സംഭവ വികാസങ്ങൾക്കും കാരണം അഹത്തള്ളായെന്ന സുറിയാനി മെത്രാന്റെ കേരളത്തിലേക്കുള്ള ആഗമനം പോർട്ടുഗീസുകാർ നിരോധിച്ചതുകൊണ്ടാണെന്ന് പലരും ചൂണ്ടിക്കാണിക്കുന്നു. എന്നാൽ കൂനൻകുരിശു സത്യത്തിന് അഹത്തള്ളായുടെ വരവ് പശ്ചാത്തലമൊരുക്കിയെന്നു മാത്രമേയുള്ളു. വാസ്തവത്തിൽ പോർട്ടുഗീസ് മേധാവിത്വത്തിനെതിരെ സമുദായ ബോധമുള്ള മാർത്തോമ്മാ ക്രിസ്ത്യാനികൾ സംഘടിതമായി നടത്തിയ സ്വാതന്ത്ര്യ പ്രഖ്യാപനമായിരുന്നു കൂനൻ കുരിശുസത്യം. തങ്ങൾക്കു സ്വന്തമായിരുന്ന ആരാധനക്രമവും ഉൾഭരണസ്വാതന്ത്ര്യവും മററു പൗരസ്ത്യ പാരമ്പര്യങ്ങളും സംരക്ഷിക്കുമെന്ന അദമ്യമായ ആഗ്രഹമായിരുന്നു മാർത്തോമ്മാ ക്രിസ്ത്യാനികൾക്ക് ഈ പ്രത്യക്ഷ സമരത്തിനു പ്രചോദനം നൽകിയത്. ഇപ്രകാരം തങ്ങൾക്കു നഷ്ടപ്പെട്ട സ്വയം ഭരണവും വ്യക്തിത്വവും വീണ്ടെടുത്ത് അവ വളർത്തിയെടുക്കുകയെന്ന കൂനൻകുരിശു സത്യത്തിനു പിന്നിലുള്ള ചരിത്രയാഥാർത്ഥ്യം, മലങ്കര സഭാവ്യക്തിത്വ സംരക്ഷണത്തിന് പ്രചോദനമേകുന്നവയത്രേ.

### 3. *വ്യക്തിത്വ സംരക്ഷണം പുനരൈക്യ പരിശ്രമങ്ങളിലൂടെ*

ഏകവിശ്വാസത്തിൽ ഏകയോഗമായി കഴിഞ്ഞിരുന്ന മാർത്തോമ്മാ ക്രിസ്ത്യാനികൾ കൂനൻകുരിശുസത്യത്തെ തുടർന്ന് രണ്ടു ക്രൈസ്തവസമൂഹങ്ങളായി പിരിഞ്ഞു. പക്ഷേ, ഇപ്രകാരം വേർപിരിഞ്ഞ കാലത്തു തന്നെ തുടങ്ങിയതാണ് മലങ്കരയിലെ പുനരൈക്യസംരംഭങ്ങളും.

ഈ പുനരൈക്യ പരിശ്രമങ്ങളിലെല്ലാം കാണുന്ന ഒരു സവിശേഷത, മലങ്കരസഭയുടെ വ്യക്തിത്വവും ആദ്ധ്യാത്മിക പൈതൃകങ്ങളും സംരക്ഷിക്കുന്നതിനുള്ള

www.malankaralibrary.com

പ്രത്യേക ശ്രദ്ധയാണ്. ഇപ്രകാരം, പുത്തൻകൂർ സമുദായത്തിനു നേതൃത്വംകൊടുത്ത മാർത്തോമ്മാ ഒന്നാമൻ മുതൽ പുനരൈക്യപ്രസ്ഥാനത്തിനു നേതൃത്വം കൊടുത്ത മാർ ഈവാനിയോസ് മെത്രാപ്പോലീത്താവരെ സാർവ്വത്രിക സഭൈക്യശ്രമങ്ങളിൽ മുൻകൈയെടുത്തവരെല്ലാം വ്യക്തമായ ചില വ്യവസ്ഥകൾ പുനരൈക്യാപേക്ഷകളോടൊപ്പം സമർപ്പിക്കുന്നുണ്ട്. സ്വാഭാവികമായും ഈ വ്യവസ്ഥകളുടെ തിരസ്ക്കരണം പുനരൈക്യസംരംഭങ്ങളെ പ്രതികൂലമായി ബാധിച്ചുവെന്നതാണ് സത്യം. ഐക്യശ്രമങ്ങൾ ഇത്രയും നീണ്ടുപോകുവാൻ കാരണവുമിതായിരുന്നു.

പുത്തൻകൂർ സമുദായത്തിനു നേതൃത്വം കൊടുത്ത മാർത്തോമ്മാ ഒന്നാമൻ (1653–1670), 1657–ൽ ഇടപ്പള്ളിയിൽ ഒരു യോഗംകൂടി കത്തോലിക്കാസഭയുമായി അനുരഞ്ജനപ്പെടുവാൻ രണ്ടു നിബന്ധനകൾ സമർപ്പിച്ചു. മാർത്തോമ്മായെ മെത്രാനായി അഭിഷേകം ചെയ്യണമെന്നും അദ്ദേഹത്തിനു ജനങ്ങളുടെമേലുള്ള അധികാരം നൽകണമെന്നുമായിരുന്നു ആ നിബന്ധനകൾ. സ്വന്തമായൊരു മെത്രാനുണ്ടായാൽ പൗരസ്ത്യ പാരമ്പര്യത്തിലേക്ക് തിരിച്ചുവരുവാൻ എളുപ്പമാണെന്ന് മാർത്തോമ്മായും അനുയായികളും കരുതി.

നാലാം മാർത്തോമ്മ (1688–1728) അദ്ദേഹത്തിന്റെ ഭരണാധീനതയിലുണ്ടായിരുന്ന 29 ഇടവകക്കാരുടെയും 12 വൈദികപ്രതിനിധികളുടെയും ഒപ്പോടുകൂടി 1704 ഡിസംബർ 7–ാം തീയതി 8–ാം ഉർബൻ മാർപ്പാപ്പായ്ക്കു പുനരൈക്യത്തിനായി ഒരു അപേക്ഷ സമർപ്പിച്ചു. മാർത്തോമ്മായ്ക്ക് മെത്രാൻ പദവിയും തന്റെ അധീനതയിലുള്ള ജനങ്ങളെ ഭരിക്കുന്നതിനുള്ള അധികാരവും ലഭിക്കണമെന്നതായിരുന്നു ഈ ആപേക്ഷയിലേയും മുഖ്യ

www.malankaralibrary.com

പ്രമേയം. വി. കുർബാനയിൽ പുളിച്ച അപ്പം ഉപയോഗിക്കുന്നതിനുള്ള അനുവാദവും അദ്ദേഹം ആവശ്യപ്പെടുന്നുണ്ട്.

അഞ്ചാം മാർത്തോമ്മാ (1728–1765) കത്തോലിക്കാ സഭയിലേക്ക് തന്നെ സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് 1748 ആഗസ്റ്റ് 16–ാം തീയതി 14–ാം ബനഡിക്ട് മാർപ്പാപ്പായ്ക്ക് ഒരു അപേക്ഷ സമർപ്പിച്ചു. വി. കുർബാനയിൽ പുളിച്ച അപ്പത്തിന്റെ ഉപയോഗം, മററ് പ്രാദേശിക സഭാചാരങ്ങൾ നിലനിർത്തുന്നതിനുള്ള സ്വാതന്ത്ര്യം എന്നിവ പ്രസ്തുത അപേക്ഷയുടെ അന്ത്യഭാഗത്ത് ആവശ്യപ്പെടുന്നുണ്ട്. ഇങ്ങനെ മലങ്കര സഭാ ചൈതന്യകങ്ങൾ സംരക്ഷിച്ചുകൊണ്ടുള്ള അഞ്ചാം മാർത്തോമ്മായുടെ പുനരൈക്യശ്രമം ശ്രദ്ധാർഹമത്രേ.

ആറാം മാർത്തോമ്മാ (ദിവന്നാസ്യോസ് ഒന്നാമൻ 1765–1808) സുറിയാനി റീത്തും ഹയരാർക്കിയും നിലനിർത്തിക്കൊണ്ട് കത്തോലിക്കാ സഭയുമായി ഐക്യപ്പെടുന്നതിനുള്ള സാദ്ധ്യതകളെക്കുറിച്ച് പദ്രവാദോ, പ്രൊപ്പഗാന്താ, ദേശീയവൈദികർ എന്നിവർ മുഖേന 5 ശ്രമങ്ങൾ നടത്തി. നിരന്തരമായ പഠനങ്ങളുടെയും സംവാദങ്ങളുടെയും അവസാനം 1799 ജൂൺ 22–ാം തീയതി മാർ ദിവന്നാസ്യോസും അനുയായികളും പുനരൈക്യപ്പെട്ടെങ്കിലും അജപാലനാധികാരം സംബന്ധിച്ച അനിശ്ചിതാവസ്ഥ കാരണം യാക്കോബായ സഭയിലേക്ക് അദ്ദേഹം മടങ്ങിപ്പോവുകയാണു ചെയ്തത്. കാരണം, തങ്ങളുടെ റീത്തിന്റെ നിലനിൽപ്പും മാർ ദിവന്നാസ്യോസിന് ജനങ്ങളുടെ മേലുള്ള ശ്ലൈഹികാധികാരവും അവരുടെ പ്രധാന അവകാശവാദങ്ങളായിരുന്നു.

www.malankaralibrary.com

പിന്നീട് പുനരൈക്യത്തിനായി ശ്രമിച്ച ദിവന്നാന്യോസ് അഞ്ചാമനും (1865–1909) സാധാരണ ഉന്നയിക്കാറുള്ള ആവശ്യങ്ങൾതന്നെ ആവർത്തിക്കുകയുണ്ടായി. തങ്ങളുടെ ഹയരാർക്കി നിലനിർത്തുകയും ഓരോ മെത്രാനും തൻെറ ഭദ്രാസനത്തിലുള്ള ഭരണാധികാരം അംഗീകരിക്കുകയും ചെയ്യുമോയെന്ന് അന്വേഷിച്ചു. വിവാഹിതരായ വൈദികർ പൗരോഹിത്യ കടമകൾ നിർവ്വഹിക്കുന്നതിന് വിരോധമുണ്ടോയെന്നും അവർക്ക് കത്തോലിക്കാ മാറാനീത്താറീത്ത് തുടർന്ന് ഉപയോഗിക്കുവാൻ അനുവദിക്കുമോയെന്നും അന്വേഷിക്കുകയുണ്ടായി.

ബഥനിയുടെ മാർ ഈവാനിയോസ് മെത്രാപ്പോലീത്താ മലങ്കര ഓർത്തഡോക്സ് സഭാസൂനഹദോസ് നിയോഗിച്ചതനുസരിച്ച് കത്തോലിക്കാസഭയുമായി സംസർഗ്ഗത്തിലേർപ്പെടുവാൻ 1926-ൽ റോമിലേക്ക് പ്രഥമ മെമ്മോറാണ്ഡം സമർപ്പിച്ചു. എപ്രകാരമുള്ള ഒരു പുനരൈക്യത്തിനാണ് തങ്ങൾ ആഗ്രഹിക്കുന്നതെന്ന് അതിൽ വ്യക്തമാക്കുന്നുണ്ട്.

"ഈ കാതോലിക്കാ സിംഹാസനത്തിൻ കീഴിലുള്ള വി. സൂനഹദോസ് അപേക്ഷിക്കുന്നതെന്തെന്നാൽ:—

1) പുരാതനമായ തങ്ങളുടെ റീത്തും ആചാരങ്ങളും സംരക്ഷിച്ചുകൊണ്ടും,

2) വി. സൂനഹദോസിനും അതിലെ മെത്രാന്മാരോരോരുത്തർക്കും എല്ലാ യാക്കോബായ സുറിയാനിക്കാരുടെയും മേലുള്ള അധികാരം നൽകിക്കൊണ്ടും,

3) നമ്മുടെ കർത്താവിൻെറ അപ്പസ്തോലന്മാരിൽ പ്രധാനിയായ പത്രോസിൻെറ പരി. സിംഹാസനത്തിൽ വാണരുളുന്ന മാർപ്പാപാപ്പായുടെ പരമാധികാരത്തിനു വഴങ്ങിക്കൊണ്ടും—

തങ്ങളെ സ്വീകരിക്കണമെന്നുള്ളതത്രേ''.

www.malankaralibrary.com

പതിനാറാം ശതകത്തിൽ കേരളസഭാന്തരീക്ഷത്തിൽ പിളർപ്പുണ്ടായപ്പോൾ മുതൽ നടത്തിയ എല്ലാ പുനരൈക്യ ശ്രമങ്ങളിലും ആവർത്തിക്കപ്പെടുന്ന ചില വ്യവസ്ഥകൾ നാം കാണുകയുണ്ടായി. സുറിയാനിസഭയുടെ ആരാധനാചാരങ്ങളും, മററ് സഭാപൈതൃകങ്ങളും ഹയരാർക്കിയും നിലനിർത്തിക്കൊണ്ട് വ്യക്തിത്വമുള്ള ഒരു സഭയായി സാർവ്വത്രികസഭയിൽ പ്രവേശിക്കണമെന്നാണ് പുനരൈക്യത്തിനു നേതൃത്വം കൊടുത്ത എല്ലാവരും ആഗ്രഹിച്ചതും അഭ്യർത്ഥിച്ചതും. നിരവധി പുനരൈക്യ പരിശ്രമങ്ങളിലൂടെ വളർത്തിയെടുത്ത ഈ **വ്യക്തിത്വസംരക്ഷണ** ചിന്ത മലങ്കര കത്തോലിക്കാസഭയ്ക്ക് തീർച്ചയായും പ്രചോദനമേകുന്നതാണ്.

### *ഉപസംഹാരം*

സഭയിൽ പുലരുന്ന വൈവിധ്യത്തിലെ ഐക്യം, വ്യക്തിസഭകളുടെ നിർണ്ണായകഘടകങ്ങൾ, അവയുടെ വ്യക്തിത്വസംരക്ഷണം തുടങ്ങിയ വിഷയങ്ങൾ ഈ പ്രബന്ധത്തിൻെറ ആദ്യഭാഗത്ത് ആധികാരികരേഖകളുടെ വെളിച്ചത്തിൽ നാം പഠനവിഷയമാക്കി. തുടർന്ന് മലങ്കര സഭാചരിത്രത്തിലെ മൂന്നു ഘട്ടങ്ങൾ നാം വിശകലനവിധേയമാക്കി. മലങ്കരസഭാചരിത്രത്തിലെ ഈ മൂന്നു ഘട്ടങ്ങളിലും അതിൻെറ തനിമയും സഭാപൈതൃകങ്ങളും സംരക്ഷിച്ചുകൊണ്ട് വളരുവാനുള്ള അഭിവാഞ്ഛ വ്യക്തമാണ്. മലങ്കര കത്തോലിക്കാസഭയ്ക്ക് അതിൻെറ സവിശേഷമായ **ദൗത്യവും** പൂർണ്ണമാക്കേണ്ട **വ്യക്തിത്വത്തിൻെറ വിവിധ തലങ്ങളും** പഠനവിഷയമാക്കുവാൻ ഈ ദൈവശാസ്ത്ര—സഭാചരിത്ര വിശകലനങ്ങൾ സഹായകമാകുമെന്നു പ്രതീക്ഷിക്കുന്നു.

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com